# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 620 | 8.3.2012-ലെ മറുപടിക്ക് |
|---|---|

### ഭക്ഷ്യ ഗുണനിലവാര നിയമം നടപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര ഭക്ഷ്യ ഗുണനിലവാര നിയമം സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ; | എ) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളോടൊപ്പം നമ്മുടെ സംസ്ഥാനത്തും കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| ബി) ഭക്ഷ്യ കയറ്റുമതിക്ക് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ; | ബി) ഭക്ഷ്യ കയറ്റുമതിക്ക് ഫുഡ്സേഫ്റ്റി കമ്മീഷണറുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഇറക്കുമതിക്കാർ ഫുഡ് സേഫ്റ്റി & സ്റ്റാന്റേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ് |
| സി) സംസ്ഥാനത്ത് വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത നിയമംവഴി സാധിക്കുമെന്ന് കരുതു ന്നുണ്ടോ; വിശദമാക്കുമോ; | സി) മായം ചേർക്കൽ നിരോധന നിയമത്തിലെ പോരായ്മകൾ എല്ലാം നികത്തിയാണ് ഭാരത സർക്കാർ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും ചട്ടങ്ങളും റെഗുലേഷനും നിർമ്മിച്ചിരി ക്കുന്നത്. അതിൻ പ്രകാരം ആരോഗ്യത്തിനു ഹാനികരമായ ഭക്ഷണസാധനങ്ങൾ ഉൽപാദി പ്പിക്കുകയോ വിൽപ്പന നടത്തു കയോ ചെയ്താൽ കുറ്റക്കാർക്കെതിരെ ജയിൽ ശിക്ഷയും ഫൈനും, നിശ്ചിത നിലവാരമില്ലാത്തതും നിയമത്തിലെ നിബന്ധനകൾക്ക് വിധേയമല്ലാതെ വിൽപ്പന നടത്തുന്നതും ആരോഗ്യത്തിനു ഹാനികര മായില്ലെങ്കിൽ പിഴശിക്ഷയും ഈടാക്കുന്നു. ലൈസൻസ് നൽകേണ്ടത് ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കീഴിലുള്ള ഉദ്യോഗസ്ഥ രാണ്. ഈ നിയമം ശുചിത്വനിലവാരത്തിന് ഏറെ ഊന്നൽ നൽകുന്നുണ്ട്. ഭക്ഷ്യ |

| | |
|---|---|
| | പരിശോധനാലബോറട്ടറികൾക്ക് NABL അക്രഡിറ്റേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. നിയമം പൂർണ്ണമായി നടപ്പിലാക്കുമ്പോൾ കേരളത്തിൽ വിൽക്കുന്ന ഭക്ഷണ സാധനങ്ങളുടെ ഗുണ നിലവാരം പൂർണ്ണമായും മെച്ചപ്പെട്ട രീതിയിൽ ഉറപ്പുവരുത്താൻ കഴിയുന്നതാണ്. |
| ഡി) കേന്ദ്ര ഭക്ഷ്യ ഗുണനിലവാര നിയമം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | ഡി) നിയമം നടപ്പിലാക്കുന്നതിനു വേണ്ടി ഭക്ഷ്യ സുരക്ഷാ കമ്മീഷണറെ നിയമിക്കുകയും കമ്മീഷണർക്കു വേണ്ട ഓഫീസും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജില്ലാ തലത്തിൽ ഡെസിഗ്നേറ്റഡ് ഓഫീസർ മാരെയും സർക്കിൾ/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തലങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെയും നിയമിച്ചു കഴിഞ്ഞു. നിയമ പ്രകാരമുള്ള ലൈസൻസ് /രജിസ്ട്രേഷൻ കൊടുത്തു വരുന്നു. ജില്ലാ തലത്തിലുള്ള ഡെസിഗ്നേറ്റഡ് ഓഫീസറാണ് ലൈസൻസ് കൊടുക്കുന്നത്. ഫുഡ്സേഫ്റ്റി ഓഫീസർമാരെയാണ് രജിസ്ട്രേഷനു വേണ്ടി ചുമതലപ്പെടുത്തിയിരിക്കുന്നത്. അഡ്ജൂഡിക്കേറ്റിംഗ് ഓഫീസറെയും അപ്പലേറ്റ് ട്രൈബ്യൂണലിനെയും നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ